# കർഷകർ വികസിപ്പിച്ചെടുത്ത നെല്ലിനം

# ശാന്തി (C.20.R.) നെല്ല്

**ശാന്തി** ഒരു ഇടത്തരം മൂപ്പുകുറഞ്ഞ (130 ദിവസം) നെൽവിത്താണ്. പാലക്കാട് ജില്ലയിലെ കാർഷിക കാലാവസ്ഥയ്ക്ക് പ്രത്യേകിച്ച് ഒന്നും രണ്ടും വിളകൾക്ക് ഏറ്റവും അനുയോജ്യവുമാണിത്. നെൽച്ചെടികൾക്ക് ഒരു മീറ്റർ ഉയരവും വലിപ്പവും ബലിഷ്ഠവുമായ തണ്ടുകളുമുണ്ട്. നല്ല രോഗപ്രതിരോധശക്തിയുമുണ്ട്. ഒരു ചതുരശ്രമീറ്ററിൽ 60 നുരി ഞാർ വീതം ഇടവിട്ട് അടുപ്പിച്ച് നടണം. ഒരേക്കറിൽ നിന്ന് ശരാശരി 2000 കിലോ (ഒരു ഹെക്ടറിൽ 5 ടൺ) നെല്ല് വിളവുകിട്ടും. നെല്ലിൻെറ 72 ശതമാനം അരി ലഭിക്കും. ചോറ്, വെള്ളച്ചോറ്, തൈർശാതം, ഇഡ്ഡലി, ദോശ, സേവ തുടങ്ങിയ ഉണ്ടാക്കാൻ നല്ലതാണ്. ജില്ലയിൽ 1000 ഏക്കർ സ്ഥലത്ത് ഇപ്പോൾ ഈ നെൽവിത്ത് കൃഷിചെയ്തുവരുന്നു. വിള വിജയകരമെന്ന് കർഷകർ സംതൃപ്തി പ്രകടിപ്പിക്കുന്നുണ്ട്. പ്രസിദ്ധ കാർഷികശാസ്ത്രജ്ഞനും തമിഴ്നാട് കാർഷികസർവ്വകലാശാല റിട്ടയേർഡ് പ്രൊഫസറുമായ ഡോ. എ. ചാമിയുടെ നേതൃത്വത്തിലുള്ള ചിറ്റൂർപ്പുഴ പ്രൊജക്ട് പ്രദേശത്തെ അദ്ധ്വാനശീലരായ കൃഷിക്കാർ കഴിഞ്ഞ 4 വർഷത്തെ ശ്രമഫലമായി അമ്പതോളം കൃഷിയിടങ്ങളിൽ പരീക്ഷിച്ച് വികസിപ്പിച്ചെടുത്തതാണിത്. ഈ നെൽവിത്തിനെപ്പറ്റി കൂടുതൽ അറിയാൻ താല്പര്യമുള്ള കർഷകർ പാലക്കാട് പാലാട്ട് ആസ്പത്രിയ്ക്ക് സമീപമുള്ള ദേശീയ കർഷകസമാജം ആഫീസുമായി ബന്ധപ്പെടുക. ഫോൺ: 527671